പ്രളയം

Madhyamam 10-09-18, P-02

# മറ്റത്തൂരിൽ 30 ഹെക്ടർ നെൽകൃഷി നശിച്ചു

● മുണ്ടകൻ ഇറക്കാനുള്ള വഴികാണാതെ കർഷകർ വലയുന്നു

**മറ്റത്തൂർ:** കതിരിടും മുമ്പേ പ്രതീക്ഷകൾ വെള്ളത്തിലായതിന്റെ നിരാശയിലാണ് മലയോര നെൽകർഷകർ. 30 ഹെക്ടറിലേറെ വിരിപ്പ് കൃഷിയാണ് മറ്റത്തൂരിൽ പ്രളയത്തിൽ നശിച്ചത്.

കാലവർഷക്കെടുതികൾ ഭയന്ന് പൊതുവെ വിരിപ്പുകൃഷി ഇറക്കാൻ മടിച്ചുനിൽക്കുന്നവരാണ് മറ്റത്തൂരിലെ നെൽക്കർഷകർ. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ വെള്ളിക്കുളം തോടിന്റെ കരയിലാണ് ഒട്ടുമിക്ക പാടശേഖരങ്ങളും. മഴ തുടർച്ചയായി പെയ്താൽ പാടശേഖരങ്ങൾ വെള്ളത്തിനടിയിലായി കൃഷിനാശം ഉണ്ടാകും. ഇക്കാരണത്താൽ പല കർഷകരും കാലവർഷം ശക്തി കുറഞ്ഞ ശേഷമെ ഇവിടെ കൃഷിയിറക്കാറുള്ളു. കോടാലി, കൊരേച്ചാൽ, മാങ്കുറ്റിപ്പാടം, നൂലവള്ളി, ചെമ്പുചിറ പാടശേഖരങ്ങളിലായി 100 ഹെക്ടറോളമാണ് ഇക്കുറി ഒന്നാം വിളയായ വിരിപ്പു കൃഷി ചെയ്തിരുന്നത്.

പേമാരിയെ തുടർന്ന് വെള്ളിക്കുളം തോട് കവിഞ്ഞൊഴുകിപ്പോൾ ഈ പാടശേഖരങ്ങളിലെ നെൽകൃഷി മുഴുവനായി മുങ്ങി.



മറ്റത്തൂരിൽ പ്രളയത്തിൽ നശിച്ച നെൽപ്പാടം

കതിരുവരാറായ നെൽച്ചെടികൾ ദിവസങ്ങളോളം വെള്ളത്തിനടിയിൽ കിടന്ന് നശിച്ചു. 30 ഹെക്ടറിലെ കൃഷി പൂർണമായും നശിച്ചു. ഓല ചീഞ്ഞ് നശിച്ച നെൽച്ചെടികൾ ഇനി വളരില്ലെന്നതിനാൽ ഇവയെല്ലാം ഉഴുതുമറിച്ച് അടുത്ത വിളയിറക്കാനാണ് കർഷകരുടെ തീരുമാനം. പ്രളയത്തെ അതിജീവിച്ച നെൽച്ചെടികൾ വിളഞ്ഞുകിട്ടിയാലും ഉൽപാദനം കുറയുമെന്ന് കർഷകർ പറഞ്ഞു. വിരിപ്പു കൃഷി കൊയ്തെടുത്ത ശേഷം നെല്ല് വിറ്റുകിട്ടുന്ന തുക ഉപയോഗിച്ചാണ് പലരും മുണ്ടകൻ വിള ഇറക്കാറുള്ളത്.

കൃഷിനാശം സംഭവിച്ചതോടെ മുണ്ടകൻ ഇറക്കാനുള്ള വഴികാണാതെ വലയുകയാണ് കർഷകർ. കൃഷിനാശം കണക്കിലെടുത്ത് പലിശരഹിത വായ്പ നൽകി കർഷകരെ രക്ഷിക്കണമെന്നാണ് ആവശ്യമുയരുന്നത്.